പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം.

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നം.2959.

28.1.2014 -ൽ
മറുപടിയ്ക്ക്

**കോളേജുകൾക്ക് സ്വയംഭരണാവകാശം**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എൻ.ഷംസുദ്ദീൻ.<br>ശ്രീ.സി.മോയിൻകുട്ടി<br>ശ്രീ.പി.കെ.ബഷീർ.<br>ശ്രീ.എം.ഉമ്മർ. | ശ്രീ.പി.കെ.അബ്ദുറബ്ബ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| കോളേജുകൾക്ക് സ്വയംഭരണാവകാശം നൽകുന്നതിന് കോളേജുകളുടെ പ്രവർത്തന മികവ് വിലയിരുത്തുന്നതിന് മാനദണ്ഡം നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ അത് എന്തൊക്കെയാണെന്നതിന്റെ വിശദാംശം നൽകാമോ ? | സ്വയംഭരണ കോളേജുകൾക്കുള്ള യു.ജി.സിയുടെ മാർഗ്ഗനിർദ്ദേശങ്ങൾക്ക് പുറമെ സംസ്ഥാനത്തെ ഉന്നതനിലവാരം പുലർത്തുന്ന കോളേജുകൾക്ക് സ്വയംഭരണാവകാശം നൽകുന്നത് സംബന്ധിച്ച് പഠനം നടത്തി പ്രൊഫ. എൻ.ആർ. മാധവമേനോൻ അദ്ധ്യക്ഷനായ സമിതി സമർപ്പിച്ച റിപ്പോർട്ടിലെ ശുപാർശകളുടെയും കൂടി അടിസ്ഥാനത്തിലാണ് കോളേജുകൾക്ക് സ്വയംഭരണാവകാശം നൽകാൻ തീരുമാനമെടുത്തിട്ടുള്ളത്. സ്വയംഭരണ പദവി ലഭിക്കുന്ന കോളേജുകൾ അക്കാദമികവും ഭരണപരവുമായ മികച്ച പ്രവർത്തന മികവോടെ കുറഞ്ഞത് പത്ത് വർഷമെങ്കിലും പ്രവർത്തിച്ചു വരുന്നവയായിരിക്കണം, NAAC ന്റെ എഗ്രേഡ് അക്രിഡിറ്റേഷൻ നേടിയിരിക്കണം, കോളേജിലെ 1/3 അദ്ധ്യാപകർ എം.ഫിൽ / പി.എച്ച്.ഡി. തുടങ്ങിയ ഗവേഷണ യോഗ്യതകൾ നേടിയവരാകണം, കോളേജിൽ ബിരുദ തലത്തിലും ബിരുദാനന്തരബിരുദ തലത്തിലുമുള്ള പഠന പ്രവർത്തനങ്ങൾ ഉണ്ടാകണം, ലൈബ്രറി, ഹോസ്റ്റൽ സൗകര്യങ്ങൾ, ഉപകരണങ്ങൾ, സ്റ്റാഫ് ക്വാർട്ടേഴ്സ്, ഐ.സി.റ്റി സഹായത്തോടെയുള്ള സേവനങ്ങൾ തുടങ്ങി പര്യാപ്തമായ അക്കാദമികവും ഭൗതികവും സാങ്കേതിവുമായ അടിസ്ഥാന സൗകര്യങ്ങളുള്ള കോളേജുകളായിരിക്കണം തുടങ്ങിയ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ് സ്വയംഭരണാവകാശം നൽകുന്നതിനുള്ള കോളേജുകളെ തെരഞ്ഞെടുത്തത്. |

സെക്ഷൻ ഓഫീസർ.